**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1725** **31-08-2022 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. സിലബസ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പോളി ടെക്നിക്കുകളിലെ കോമേഴ്സ്യൽ പ്രാക്ടീസ് കോഴ്സ്, കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സ്, പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് പരീക്ഷ തുടങ്ങിയവയിൽ മലയാളം ടൈപ്പ് റൈറ്റിംഗ് എൻ.എസ്. പണ്ടാല സിസ്റ്റം പരിശീലനം മുന്നോട്ട് കൊണ്ടുപോകുന്നതിന് മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീനുകളുടെ ദൗർലഭ്യം കാരണം കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സിലബസിൽ കാലോചിതമായ മാറ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സിലബസിൽ കാലോചിതമായ മാറ്റം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.** |
| (ബി) | ടൈപ്പ് റൈറ്റിംഗ് എൻ.എസ്.പണ്ടാല മലയാളം സിസ്റ്റത്തിന് പകരമായി കംപ്യൂട്ടറിൽ ഇൻസ്ക്രിപ്റ്റ്, ഐ.എസ്.എം. മലയാളം സോഫ്റ്റ് വെയറുകളിൽ ടൈപ്പിംഗ് പരീക്ഷ എഴുതാൻ കഴിയും വിധം പ്രസ്തുത കോഴ്സുകളിൽ സിലബസ് പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | **20.08.2022 തീയതിയിലെ സ.ഉ (കൈ) നം. 403/2022/ഉ.വി.വ ഉത്തരവ് പ്രകാരം കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് കോഴ്സ് (കോമേഴ്സ്)-ന്റെ സിലബസ് പരിഷ്കരിച്ചിട്ടുണ്ട്.** |
| (സി) | സംസ്ഥാനത്ത് ഇരുപത്തിയഞ്ച് വർഷങ്ങൾക്ക് മുൻപ് മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീൻ കമ്പനികൾ നിർമ്മാണം നിർത്തിയതിനാൽ പരിമിതമായ എൻ.എസ്. പണ്ടാല മലയാളം ടൈപ്പ് റൈറ്റിംഗ് മെഷീനുകൾ മാത്രമേ ശേഷിക്കുന്നുള്ളൂ എന്നത് കെ.ജി.റ്റി. ഇ. ഉൾപ്പെടെയുള്ള സിലബസ് പരിഷ്കരണങ്ങളിൽ ഗൗരവമായി പരിഗണിക്കുമോ; | (സി) | പരിഗണിച്ചിട്ടുണ്ട്. |
| (ഡി) | കെ.ജി.റ്റി.ഇ. (കോമേഴ്സ്) സിലബസ് പരിഷ്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ഡി) | **20.08.2022 തീയതിയിലെ സ.ഉ (കൈ) നം. 403/2022/ഉ.വി.വ ഉത്തരവ് പ്രകാരം കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് കോഴ്സ് (കോമേഴ്സ്)-ന്റെ സിലബസ് പരിഷ്കരിച്ചിട്ടുണ്ട്.** |
| (ഇ) | കെ.ജി.റ്റി.ഇ. സിലബസ് അവസാനമായി പരിഷ്കരിച്ചത് 16.08.2001 ലെ സ.ഉ.(എം.എസ്) | (ഇ) | **20.08.2022 തീയതിയിലെ സ.ഉ (കൈ) നം. 403/2022/ഉ.വി.വ ഉത്തരവ് പ്രകാരം കെ.ജി.ടി.ഇ** |

| | | | |
|---|---|---|---|
| | നം.96/2001/ഉ.വി.വ. പ്രകാരം ഇരുപത് വർഷങ്ങൾക്ക് മുൻപാണെന്നത് പരിഗണിച്ച് എത്രയും വേഗം പുതിയ സിലബസ് പരിഷ്കരണം പൂർത്തിയാക്കി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | | **ടൈപ്പ് റൈറ്റിംഗ് കോഴ്സ് (കോമേഴ്സ്)-ന്റെ സിലബസ് പരിഷ്കരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ